**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **18-01-2021 - ൽ മറുപടിയ്ക്ക്**

**തയ്യൽ ടീച്ചർ തസ്തികയിലേയ്ക്കുള്ള യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | വിദ്യാഭ്യാസവകുപ്പിന് കീഴിൽ യു.പി.യിലും എച്ച്.എസിലുമായി തയ്യൽ ടീച്ചർ തസ്തികയിലേക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | 1. കേരളാ ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയിലോ, അതിന് തുല്യമായ പരീക്ഷയിലോ വിജയവും 2.കെ.ജി.റ്റി.ഇ (ഹയർ) ഇവയിൽ നീഡിൽ വർക്ക് & ഡ്രസ്സ്മെക്കിംഗിൽ ഗ്രൂപ്പ് സർട്ടിഫിക്കറ്റും അല്ലെങ്കിൽ കെ.ജി.റ്റി.ഇ (ഹയർ) എം.ജി.ടി.ഇ (ഹയർ) ഇവയിൽ ടെയിലറിംഗിൽ ഗ്രൂപ്പ് സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ കേരളാ ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന ക്രാഫ്റ്റ് ഗ്രൂപ്പ് ഡിപ്ലോമ അല്ലെങ്കിൽ ഇൻഡ്യ ഗവൺമെന്റ് നാഷണൽ കൗൺസിൽ ഫോർ ട്രെയിനിംഗ് ഇൻ വൊക്കേഷണൽ ട്രേഡ്സ് നൽകുന്ന നാഷണൽ ട്രേഡ്സ് സർട്ടിഫിക്കറ്റ് (കട്ടിംഗും ടെയിലറിംഗും അല്ലെങ്കിൽ ഡ്രസ് മേക്കിംഗ്) അല്ലെങ്കിൽ കേരളത്തിലെ ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് ഡയറക്ടറോ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോ നൽകുന്ന ക്രാഫ്റ്റ്മാൻ ഷിപ്പ് (ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ് ഡിപ്ലോമ) എന്നിവയാണ് തയ്യൽ ടീച്ചർ അധ്യാപകർക്ക് കെ.ഇ.ആർ പ്രകാരം അനുശാസിക്കുന്ന യോഗ്യതകൾ കൂടാതെ കേരള എലിജിബിലിറ്റി ടെസ്റ്റും പാസായിരിക്കണം. 12-4-2018-ലെ സ.ഉ. (കൈ) നം.40/18/ പൊവിവ പ്രകാരം താഴെ പറയുന്ന യൂണിവേഴ്സിറ്റികൾ നടത്തുന്ന, അതോടൊപ്പം ചേർത്തിരിക്കുന്ന ബിരുദ കോഴ്സുകളും തയ്യൽ അദ്ധ്യാപക തസ്തികയിലേക്കുള്ള യോഗ്യത യായി നിശ്ചയിക്കുകയുണ്ടായി:, 1. എം.ജി. യൂണിവേഴ്സിറ്റി-ബാച്ചിലർ ഓഫ് ഫാഷൻ ടെക്നോളജി. (BST) 2. കണ്ണൂർ യൂണിവേഴ്സിറ്റി- ബി.എസ്.സി എഫ്.എ.ഡി.റ്റി (ഫാഷൻ & അപ്പാരൽ ഡിസൈൻ ടെക്നോളജി. 3. കോഴിക്കോട് യൂണിവേഴ്സിറ്റി- ബി.എസ്.സി കോസ്റ്റ്യൂം & ഫാഷൻ ഡിസൈനിംഗ്. 29-5-2018-ലെ സ.ഉ. (കൈ) നം. 74/18/ പൊവിവ പ്രകാരം KILE നൽകുന്ന ഡിപ്ലോമ ഇൻ ഫാഷൻ |

| | | | |
|---|---|---|---|
| | | | ഡിസൈനിംഗ് കോഴ്സ് എയ്ഡഡ്- സർക്കാർ സ്കൂളുകളിലെ തയ്യൽ അദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിന് യോഗ്യതയായി നിഷ്കർഷിക്കുകയുണ്ടായി. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്ന ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് കോഴ്സ് കേരളത്തിലെ എയ്ഡഡ്/സർക്കാർ വിദ്യാലയങ്ങളിലെ തയ്യൽ ടീച്ചർ തസ്തികയി ലേക്ക് 6-8-2019-ലെ സ.ഉ (കൈ) നം. 114/2019/പൊവിവ പ്രകാരം യോഗ്യതയായി നിശ്ചയിക്കുകയുണ്ടായി. 25-02-2020 ലെ സ.ഉ (കൈ) നം. 83/2020/ പൊവിവ പ്രകാരം ഭാരത് സേവക് സമാജ് നടത്തുന്ന ഡിപ്ലോമ ഇൻ കംപ്യൂട്ടർ എയ്ഡഡ് ഡിസൈനിംഗ് കോഴ്സ് സ്വീയിംഗ്/ക്രാഫ്റ്റ് ടീച്ചർ തസ്തികയി ലേക്കുള്ള യോഗ്യതയായി നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കെ.ജി.ടി.ഇ.(ടി.ഇ.എൻ.) [ഇപ്പോൾ കെ.ജി.ടി.ഇ.(എഫ്.ഡി.ജി.ടി.)] യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന തയ്യൽ ടീച്ചർ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ വേണ്ട യോഗ്യതയിൽ ഇത് ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത പരീക്ഷായോഗ്യത കൂടി തയ്യൽ ടീച്ചർ തസ്തികയുടെ യോഗ്യതകളിൽ ഉൾപ്പെടുത്തുവാൻ പി.എസ്.സിക്ക് ആവശ്യമായ നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ